## പതിനാലാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-2019)

## നാലാമത് റിപ്പോർട്ട്

(2018 ജൂൺ 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## കേരള ലൈവ് സ്റ്റോക്ക് ഡെവലപ്‌മെന്റ് ബോർഡിന്റെ ബീജോത്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനം

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2018

## പതിനാലാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-2019)

## നാലാമത് റിപ്പോർട്ട്

(2018 ജൂൺ 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ബീജോത്പാദനകേന്ദ്രങ്ങളുടെ പ്രവർത്തനം**

1141/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | സമിതിയുടെ ഘടന .. | v |
| 2. | ആമുഖം .. | vii |
| 3. | റിപ്പോർട്ട് .. | 1 |
| 4. | അനുബന്ധം I .. | 11 |
| 5. | അനുബന്ധം II .. | 18 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-2019)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

**അംഗങ്ങൾ :**

ശ്രീ. വി. ടി. ബൽറാം

ശ്രീ. കെ. ദാസൻ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. ആർ. രാജേഷ്

ശ്രീ. റോജി എം. ജോൺ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. തോമസ് ചാണ്ടി.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. ആർ. കിഷോർ കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. എസ്. അനിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മനോജ് സാറാ വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# ആമുഖം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2016-2019) 2018 ഏപ്രിൽ മാസം 25-ാം തീയതി ചേർന്ന യോഗത്തിൽ അംഗീകരിച്ച നാലാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

തിരുവനന്തപുരം,
2018 ജൂൺ 18.

**വി. കെ. ഇബ്രാഹിം കുഞ്ഞ്,**
*അദ്ധ്യക്ഷൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ*
*സംബന്ധിച്ച സമിതി.*

## റിപ്പോർട്ട്

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3871-ന് സർക്കാർ ലഭ്യമാക്കിയ മറുപടിയെ 86-ാം നമ്പർ ഉറപ്പായി പരിഗണിച്ച സമിതി, കന്നുകാലി പ്രജനനവുമായി ബന്ധപ്പെട്ട് സർക്കാർ നയം രൂപീകരിച്ചിട്ടുണ്ടോയെന്നും കന്നുകാലി ബീജങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ഏതൊക്കെ ഫാമുകളിൽ സൗകര്യമുണ്ടെന്നും ആരാഞ്ഞിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ 13-6-2008-ലെ ജി.ഒ. (എംഎസ്സ്.) 95/08/എ.ഡി. പ്രകാരം കന്നുകാലി പ്രജനനവുമായി ബന്ധപ്പെട്ട് നയം രൂപീകരിച്ചിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു. കൂടാതെ മാട്ടുപ്പെട്ടി, ധോണി, കുളത്തൂപ്പുഴ എന്നിവിടങ്ങളിലെ ബീജോൽപ്പാദന കേന്ദ്രങ്ങളിൽ ബീജ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമുള്ള എല്ലാവിധ സംവിധാനങ്ങളും നിലവിലുണ്ടെന്നും അവയ്ക്ക് കേന്ദ്ര സർക്കാരിന്റെ 'എ' ഗ്രേഡ് ISO 9001:2008, HACCP എന്നീ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. പ്രസ്തുത അധികവിവരങ്ങൾ 30-11-2016-ലെ സമിതിയോഗം പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ കീഴിലുള്ള ബീജോൽപ്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനായി മാട്ടുപ്പെട്ടി, ധോണി എന്നിവിടങ്ങളിലെ ഫാമുകൾ സന്ദർശിക്കുകയും ചെയ്തു. പ്രസ്തുത സന്ദർശനങ്ങളിൽ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

### കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

1963-ൽ ഒരു സർക്കാർ വകുപ്പെന്ന നിലയ്ക്കാണ് ഇൻഡോ-സ്വിസ് പ്രൊജക്ട് ആരംഭിച്ചത്. സ്വിസ്സ് കോൺഫെഡറേഷനും ഭാരത സർക്കാരും തമ്മിലുണ്ടാക്കിയ ഉഭയകക്ഷി കരാർ പ്രകാരം തദ്ദേശീയ പരിസ്ഥിതിയ്ക്കിണങ്ങുന്ന തരത്തിലുള്ള കന്നുകാലി വർഗ്ഗത്തെ രൂപപ്പെടുത്തുകയെന്ന ഏക ഉദ്ദേശ്യത്തോടെയാണ് ഈ പ്രൊജക്ട് ആരംഭിച്ചത്. ഇതിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വികസനത്തിനുമായി ഈ പ്രൊജക്ടിനെ ഇൻഡോ-സ്വിസ്സ് പ്രൊജക്ട് എന്ന പേരിൽ സർക്കാർ വകുപ്പാക്കുകയും ചെയ്തു. 1976-ൽ പ്രസ്തുത പ്രൊജക്ടിനെ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ആന്റ് മിൽക്ക് മാർക്കറ്റിംഗ് ബോർഡ് എന്ന സ്വതന്ത്ര സ്ഥാപനമാക്കി മാറ്റി. ഇതോടെ കന്നുകാലി പ്രജനനം, ട്രെയിനിംഗ്, ഗവേഷണം, പാൽ ശേഖരണവും വിതരണവും, കാലിത്തീറ്റ നിർമ്മാണം എന്നിവയെല്ലാം ഈ സ്ഥാപനത്തിന്റെ ചുമതലയായി. 1984-ലാണ് കെ. എൽ. ഡി. ബോർഡും മിൽമയും വ്യത്യസ്ത സ്ഥാപനങ്ങളായി മാറിയത്.

തുടർന്ന്, കന്നുകാലി പ്രജനനം, ഗാഢശീതീകൃത ബീജോത്പാദനവും വിതരണവും, കാലിത്തീറ്റ വികസനം, പരിശീലനം എന്നീ പ്രവർത്തനങ്ങൾ കെ. എൽ. ഡി. ബോർഡിൽത്തന്നെ തുടർന്നു.

1990-ൽ പുതിയ ഒരു സ്റ്റാഫ് പാറ്റേൺ നിലവിൽ വരുകയും ഗാഢശീതീകൃത ബീജം, തീറ്റപ്പുൽ വിത്തുകൾ എന്നിവയ്ക്കുള്ള വില നിർണ്ണയ സമ്പ്രദായം നിലവിൽ വരുകയും ചെയ്തു ഇപ്രകാരം കെ. എൽ. ഡി. ബോർഡ് പൂർണ്ണ അർത്ഥത്തിലുള്ള ഒരു കമ്പനിയായി മാറി.

ഇൻഡോ-സ്വിസ്സ് പ്രോജക്ടിനു കീഴിൽ 1970-ഓടെ കൃത്രിമ ബീജധാനംവഴി സങ്കരയിനം പശുക്കളെ ഉത്പാദിപ്പിക്കാനുള്ള ശ്രമം ആരംഭിക്കുകയും നാടൻ പശുക്കളുടെ രോഗപ്രതിരോധശേഷി നിലനിർത്തിക്കൊണ്ട് വിദേശവർഗ്ഗങ്ങളുടെ അത്യുത്പാദനശേഷി കൂടി സന്നിവേശിപ്പിക്കുക എന്ന ലക്ഷ്യത്തിൽ സ്വിസ്സ് ബ്രൗൺ വർഗ്ഗത്തെ നാടൻ ഇനവുമായി സങ്കരം നടത്തി സുനന്ദിനി എന്ന വർഗ്ഗത്തെ സൃഷ്ടിക്കുകയും ചെയ്തു. ഇപ്പോൾ നിലവിലുള്ള സുനന്ദിനി വർഗ്ഗം ബ്രൗൺ സ്വിസ്സ്-ജേഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ തുടങ്ങിയ വിദേശ ജനുസ്സുകളുടെയും, ഗീർ, കാങ്കറേജ്, സഹിവാൾ, റാത്തി തുടങ്ങിയ ഇൻഡ്യൻ ജനുസ്സുകളുടെയും വിവിധ അനുപാതത്തിലുള്ള സങ്കര ഇനമാണ്.

2008-ലാണ് കേരളത്തിന് ഇന്ന് നിലവിലുള്ള കന്നുകാലി പ്രജനന നയം സ്വന്തമായത്. അതിനു പശ്ചാത്തലമായത് 1979-ൽ കന്നുകാലി പ്രജനനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പഠിക്കാനായി നിയോഗിക്കപ്പെട്ട വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങളായിരുന്നു. സങ്കര വർഗ്ഗത്തിന്റെ വിദേശ പൈതൃക ഗുണം 50%-ൽ അധികരിക്കാതിരിക്കുക, കേരളത്തിന്റെ വടക്ക്-തെക്ക് മേഖലകളിലെ ജനിതക വൈജാത്യം ഇല്ലാതാക്കുക, വിത്തുകാളകളെ ഫീൽഡ് പ്രോജനി ടെസ്റ്റ് നടത്തി തെരഞ്ഞെടുക്കുക എന്നിവയായിരുന്നു പ്രസ്തുത സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കന്നുകാലി പ്രജനനത്തിന്റെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭേദഗതി നിർദ്ദേശങ്ങൾ ആരായുന്നതിനായും 1998-ൽ നിയോഗിക്കപ്പെട്ട സമിതിയുടെ ശിപാർശകളാണ് 2008-ലെ പ്രജനന നയത്തിന് പിന്നിലുള്ളത്. പ്രസ്തുത സമിതിയുടെ കണ്ടെത്തലുകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട 1998 -ലെ കന്നുകാലി പ്രജനന നയം വിലയിരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് 2008-ൽ പുതിയൊരു കന്നുകാലി പ്രജനന നയത്തിന് രൂപം നൽകിയത് (അനുബന്ധം I കാണുക).

<u>കെ. എൽ. ഡി. ബോർഡിന്റെ ഫാമുകൾ:</u>

പ്രസ്തുത കന്നുകാലി പ്രജനന നയം നടപ്പിലാക്കാനുള്ള അശ്രാന്ത പരിശ്രമത്തിലേർപ്പെട്ടിരിക്കുകയാണ് കെ. എൽ. ഡി. ബോർഡ്. ആയതിനായി, ബോർഡിന് അഞ്ച് പ്രധാന കേന്ദ്രങ്ങൾ ഉള്ളതിൽ, ഇടുക്കിയിലെ മാട്ടുപ്പെട്ടി ഫാമിൽ ബുൾ സ്റ്റേഷൻ, ബുൾ മദർ ഫാം,

കന്നുക്കുട്ടി പരിപാലന സ്റ്റേഷൻ, എംബ്രിയോ ട്രാൻസ്ഫർ സെന്റർ എന്നിവ പ്രവർത്തിച്ചുവരുന്നു. പാലക്കാട്ടെ ധോണിയിലെ ഫാമിൽ ബുൾ സ്റ്റേഷൻ, ബുൾ മദർഫാം, കന്നുക്കുട്ടി പരിപാലന സ്റ്റേഷൻ, ആടുകളുടെ ബ്രീഡിംഗ് സ്റ്റേഷൻ, കാലിത്തീറ്റ ഗവേഷണ കേന്ദ്രം, തീറ്റപ്പുൽ വിത്തുൽപ്പാദനം, വിത്തുപരിശോധനയ്ക്കുള്ള ലബോറട്ടറി എന്നിവ പ്രവർത്തിക്കുന്നു. കൊല്ലത്തെ കുളത്തുപ്പുഴയിൽ ബുൾ സ്റ്റേഷൻ, ബുൾ മദർഫാം, കന്നുക്കുട്ടി പരിപാലന കേന്ദ്രം എന്നിവയുണ്ട്. തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സ്വദേശി വർഗ്ഗത്തിൽപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്ന ഫാമാണുള്ളത്.

കേരളത്തിൽ ഏറ്റവും കൂടുതൽ ആടുകളെ സംരക്ഷിക്കുന്ന സെൻട്രൽ യൂണിറ്റ് ധോണി ഫാമാണ്. മൃഗസംരക്ഷണ വകുപ്പുൾപ്പെടെ ആട്ടിൻകുട്ടികളെ ശേഖരിക്കുന്നത് ഇവിടെ നിന്നുമാണ്. ഇവിടെനിന്നും ഏറ്റവും മുന്തിയ മുട്ടനാടിനെ തെരഞ്ഞെടുത്ത് സെമൻ ശേഖരിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ 550-ഓളം സെന്ററുകൾക്ക് വിതരണം ചെയ്തു വരുന്നുണ്ട്. ഇൻഡ്യയിലാദ്യമായി ഇൻവിട്രോ ഫെർട്ടിലൈസേഷൻ വിജയകരമായി 2017 ഒക്ടോബറിൽ ധോണി ഫാമിൽ നടപ്പിലാക്കി. പദ്ധതിപ്രകാരം ഭ്രൂണമാറ്റത്തിലൂടെ നാടൻ പശുക്കളുടെയും വെച്ചൂർപ്പശുക്കളുടെയും എണ്ണം വർദ്ധിപ്പിയ്ക്കാവുന്നതാണ്.

ഏഷ്യയിലെ ഏറ്റവും വലിയ പന്നി ഫാമായിരുന്ന പുത്തൂർഫാം സാമൂഹിക പ്രശ്നങ്ങൾ കാരണം പൂട്ടേണ്ടിവന്നതിനാൽ അവിടെയുണ്ടായിരുന്ന വിദേശയിനം പന്നികളെ കൂത്താട്ടുകുളത്ത് മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യയിൽ ജോയിന്റ് വെഞ്ചർ അടിസ്ഥാനത്തിൽ സംരക്ഷണത്തിനായി ഏൽപ്പിച്ചിരിക്കുന്നു. കൂടാതെ പുത്തൂരിൽ ഗോട്ട് ഫാമും വാഗമണ്ണിൽ ഒരു പിഗ് ഫാമും ഉടൻ തന്നെ പ്രവർത്തനം ആരംഭിയ്ക്കുന്നുമുണ്ട്.

<u>ബീജ ബാങ്കുകൾ</u> :

കേരളത്തിലാകെ ഏഴ് റീജിയണൽ ബീജബാങ്കുകളുണ്ട്. മാട്ടുപ്പെട്ടി, ധോണി, കുളത്തൂപ്പുഴ, ചാലക്കുടി, കോഴിക്കോട്, കണ്ണൂർ, മാവേലിക്കര എന്നിവിടങ്ങളിലാണിവ സ്ഥിതി ചെയ്യുന്നത്. ഇവിടെ നിന്നുമാണ് ക്വാളിറ്റി നഷ്ടപ്പെടാതെ സെമൻ വിവിധ മൃഗാശുപത്രികളിൽ വിതരണം ചെയ്തുവരുന്നത്.

മാട്ടുപ്പെട്ടി, ധോണി, കുളത്തൂപ്പുഴ എന്നിവിടങ്ങളിലെ ബീജബാങ്കുകൾക്ക് ISO സർട്ടിഫിക്കേഷനും HACCP (Hazard Analysis and Critical Control Point) സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ സ്റ്റേഷനുകളും 'എ' ഗ്രേഡ് തുടർച്ചയായി നിലനിർത്തി വരുന്നുമുണ്ട്.

പ്രായോഗിക പരിശീലനങ്ങൾ നൽകുന്ന മാട്ടുപ്പെട്ടി, ധോണി എന്നിവിടങ്ങളിലെ ട്രെയിനിംഗ് സെന്ററുകൾക്ക് കേന്ദ്രസർക്കാരിന്റെ 'എ' ഗ്രേഡ് അക്രഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്.

ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ :

ഇന്ത്യയിലാദ്യമായി പാലക്കാട്ടെ ധോണിഫാമിൽ തദ്ദേശീയമായ സാങ്കേതികവിദ്യ ഉപയോഗിച്ച് ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ച പശുക്കളിൽ 90 ശതമാനത്തോളം വിജയം കൈവരിച്ചിട്ടുണ്ട്.

ഇപ്രകാരമുള്ള സെമൻ ഇറക്കുമതി ചെയ്യുകയാണെങ്കിൽ ഇവിടെയെത്തുമ്പോൾ മാത്ര ഒന്നിന് 1,400 രൂപ ചെലവുണ്ടാകും. ഇത് ഒരു പശുവിന് മൂന്ന് പ്രാവശ്യത്തോളം കത്തിവയ്ക്കേണ്ടതായും വരും. ഇതിന്റെ വിജയശതമാനം 30 മാത്രമാണ്. എന്നാൽ പാലക്കാട്ട് വികസിപ്പിച്ചെടുത്തരീതിയിലുള്ള ബീജമാത്രകളുടെ വിജയശതമാനം 90 ആണ്. അവിടുത്തെ ഫാമിൽ ജനിച്ച 24-ൽ 22 കന്നുക്കുട്ടികളും പശുക്കിടാക്കളായിരുന്നു.

ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉല്പാദിപ്പിക്കുവാനുള്ള പേറ്റന്റ് ലോകത്ത് ഒരു കമ്പനിക്കു മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇത്തരം പത്ത് സങ്കേതങ്ങൾ ഇറക്കുമതി ചെയ്യാനും അതിലൊന്ന് മാട്ടുപ്പെട്ടിയ്ക്കുവേണ്ടി ലഭ്യമാക്കാനും ഭാരത സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്.

എംബ്രിയോട്രാൻസ്ഫർ (ഭ്രൂണമാറ്റം) :

എംബ്രിയോട്രാൻസ്ഫറിന്റെ എല്ലാവിധ ടെക്നോളജിയും ഉപയോഗിച്ച് മെച്ചപ്പെട്ട ഗുണനിലവാരമുള്ള വിത്തുകാളകളെ മാട്ടുപ്പെട്ടിയിൽ സൃഷ്ടിക്കുന്നുണ്ട്. കമേഴ്സ്യൽ ഡയറിഫാമുള്ള കർഷകർക്ക് ഈ രീതി വളരെ ഉപകാരപ്രദമായിരിക്കും. 30 ലിറ്ററോളം പാൽ നൽകുന്ന പശുക്കൾ ഫാമിലുണ്ട്. അപ്രകാരമുള്ള പശുക്കളുടെ കൂടുതൽ കുട്ടികളെ വേഗത്തിൽ സൃഷ്ടിക്കാനുള്ള ഉത്തമമാർഗ്ഗമാണ് എംബ്രിയോട്രാൻസ്ഫർ. പശുവിന്റെ ഒരു ഹീറ്റിന്റെ സമയത്ത് ഒന്നിലധികം ഓവറികൾ സൃഷ്ടിച്ച് അതിലേയ്ക്ക് കൂടുതൽ സെമൻ നിക്ഷേപിക്കുകയും പരമാവധി ഭ്രൂണങ്ങൾ ഉണ്ടാക്കിയെടുക്കുകയും അത് ശുചീകരിച്ച് ഗുണനിലവാരം പരിശോധിച്ച് പല പശുക്കളിലായി നിക്ഷേപിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഏകദേശം 8-10 കുട്ടികൾ വരെ ഒരേ സമയത്ത് ജനിക്കാനിടയാകുന്നു. ഈ ടെക്നോളജിയുടെ പ്രായോഗിക പ്രവർത്തനങ്ങൾ ചെലവേറിയതാണ്. ഇന്നത്തെ കണക്കിന് പശുവൊന്നിന് 6,000 രൂപയോളമാണ് ചെലവ്. ഗവേഷണത്തിനും പരിശീലനത്തിനും മാത്രമാണ് കേന്ദ്രസർക്കാർ തുക അനുവദിക്കുന്നത്. പ്രവൃത്തിപഥത്തിലുള്ള ചെലവ് സംസ്ഥാന വിഷയമാണെന്നാണ് കേന്ദ്രസർക്കാർ നിലപാട്. ആയതിനാൽ ഗുണനിലവാരമുള്ള കൂടുതൽ പശുക്കളെ സൃഷ്ടിക്കുവാനുള്ള എംബ്രിയോട്രാൻസ്ഫർ പദ്ധതിയിന്മേലുള്ള ചെലവ് സംസ്ഥാന സർക്കാർ സബ്സിഡിയായി കർഷകർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ബോർഡിന്റെ ഫാമുകളിൽ വെച്ചൂർ, കാസർഗോഡ് ഡ്വാർഫ് എന്നീ അപൂർവ്വയിനം പശുക്കളെയും സംരക്ഷിച്ചുവരുന്നു. ഈ പശുക്കളെ വളർത്തുന്ന കർഷകർക്ക് ഒറ്റത്തവണയായി 10,000 രൂപ സംരക്ഷണച്ചെലവായും നൽകുന്നുണ്ട്.

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ കുത്താട്ടുകുളത്ത് ഒരു പന്നിവളർത്തൽ കേന്ദ്രവും ധോണിയിൽ മലബാറി ആടുകളെ ബ്രീഡ് ചെയ്യുന്ന ഒരു കേന്ദ്രവും ഉണ്ട്. അതോടൊപ്പം പാലക്കാട്ട് മുറെ എന്നയിനത്തിൽപ്പെട്ട എരുമയുടെ സെമൻ ശേഖരിക്കുന്നുണ്ട്. കേരളത്തിലാകെയുള്ള ഒരു ലക്ഷത്തോളം എരുമകൾക്കുള്ള സെമൻ ഇവിടെ നിന്നുമാണ് നൽകുന്നത്. കൂടാതെ നല്ലയിനം വിത്തുകാളകളെ സെലക്ട് ചെയ്യുന്നതിനുള്ള ഒരു പ്രോജനി ടെസ്റ്റിംഗ് സെന്റർ മൂവാറ്റുപുഴയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

കെ.എൽ.ഡി. ബോർഡിന്റെ പ്രോജനി ടെസ്റ്റിംഗ് പ്രോഗ്രാം (സന്തതി പരമ്പര) 1977-ലാണ് ആരംഭിച്ചത്. കർഷകരുടെ കൈവശമുള്ള നല്ലയിനം വിത്തുകാളകളെ തെരഞ്ഞെടുക്കുന്നത് ഈ പ്രോഗ്രാം മുഖേനയാണ്. കഴിഞ്ഞ 40 വർഷത്തോളമായി കേന്ദ്രസർക്കാർ ഈ പദ്ധതിയ്ക്ക് ആവശ്യമായ പിന്തുണ നൽകുന്നുമുണ്ട്.

1998-ൽ നിയോഗിക്കപ്പെട്ട വിദഗ്ധസമിതിയുടെ നിർദ്ദേശപ്രകാരം കന്നുകാലി പ്രജനനമേഖലയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായി. കർഷകരുടെ ആവശ്യപ്രകാരം അമിതഭാരമുള്ളതും ധാരാളം തീറ്റ ആവശ്യമായി വരുന്നതുമായ ബ്രൗൺ സ്വിസ്സ് വർഗ്ഗത്തെ ഒഴിവാക്കാനും ജേഴ്സിയെയും എച്ച്.എഫിനെയും മാത്രം പ്രജനനത്തിനായി ഉപയോഗിച്ചാൽ മതിയെന്നും തീരുമാനിക്കുകയുണ്ടായി. അതുപോലെ പാലുല്പാദന ശേഷികുറഞ്ഞവയെയും ആദ്യപ്രസവത്തിന് കാലവിളംബം വരുത്തുന്ന സുനന്ദിനിപ്പശുക്കൾ എന്നിവയെയും യഥാക്രമം 2%, 1% എന്ന തോതിൽ ഓരോവർഷവും നീക്കം ചെയ്യണമെന്നും അവയുടെ സ്ഥാനത്ത് ഫാമുകളിലെയും കർഷകരുടെയും കൈവശമുള്ള ഉന്നതഗുണമേന്മയുള്ള കാളകളുടെ ബീജം കുത്തിവച്ചുണ്ടാകുന്ന പശുക്കുട്ടികളെ ഉപയോഗിക്കണം എന്ന പ്രസ്തുത സമിതിയുടെ നിർദ്ദേശം 2008-ലെ കന്നുകാലി പ്രജനന നയത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>കൃത്രിമബീജധാനം</u> :

പ്രോജനി ടെസ്റ്റ് മുഖേന നല്ലകാളകളുടെ സെമൻ ഉപയോഗിക്കുകയും അതിൽനിന്ന് ലഭിക്കുന്ന കാളകളിൽ 50 ശതമാനം നിലനിർത്തിക്കൊണ്ട് അതിലെ തന്നെ ഏറ്റവും നല്ലതിനെ തെരഞ്ഞെടുത്ത് വീണ്ടും ഉപയോഗിക്കുക എന്നതാണ് നയം.

കേരളത്തിൽ പ്രവർത്തിക്കുന്ന ഏഴ് റീജിയണൽ സെമൻ ബാങ്ക് വഴിയാണ് സെമൻ വിതരണം ചെയ്യുന്നത്. സെമൻ ഉപയോഗിക്കുന്ന ഏജൻസികളുമായി നല്ല ബന്ധം നിലനിർത്തുക, വിവരങ്ങൾ പരസ്പരം കൈമാറുക, ഗുണമേന്മയുള്ള സെമൻ ലഭ്യമാക്കുക, ആവശ്യമായ മറ്റു സേവനങ്ങൾ നൽകുക എന്നിവയൊക്കെയാണ് സെമൻ ബാങ്കുകളുടെ

ഉദ്ദേശ്യലക്ഷ്യങ്ങൾ. മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, 250-ഓളം സ്വകാര്യ ഏജൻസികൾ എന്നിവയാണ് കന്നുകാലി മേഖലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്നത്. സർവ്വീസിൽനിന്ന് വിരമിച്ച ഡോക്ടർമാരും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും നടത്തുന്നവയാണ് എഴുപത് ശതമാനത്തോളം സ്വകാര്യ ഏജൻസികൾ. കൂടാതെ ബേസിക് ആർട്ടിഫിഷൽ ഇൻസെമിനേഷൻ കോഴ്സ് പാസ്സായവർ നടത്തുന്ന ചില സെന്ററുകളും നിലവിലുണ്ട്.

നിലവിൽ 2979 കൃത്രിമ ബീജധാന കേന്ദ്രങ്ങൾ കേരളത്തിലുണ്ട്. ഇവർ കൈകാര്യം ചെയ്യുന്നത് ഏകദേശം 8 ലക്ഷം ഉല്പാദനക്ഷമതയുള്ള കന്നുകാലികളെയാണ്. ഇതിൽ 2485 സെന്ററുകൾ മൃഗസംരക്ഷണ വകുപ്പിന്റേതാണ്. കൃത്രിമബീജധാനം, പ്രോജനി ഡയഗ്നോസിസ്, തുടർപരിശോധന എന്നിവയുടെ രേഖകൾ സൂക്ഷിക്കേണ്ടത് മൃഗസംരക്ഷണ വകുപ്പും മറ്റുള്ള ഏജൻസികളുമാണ്.

കണ്ടെയ്നറിൽ ശീതീകരിച്ച ദ്രവനൈട്രജനിൽ ബീജമാത്രകളും അനുബന്ധ വസ്തുക്കളും നൽകുന്നത് കെ.എൽ.ഡി. ബോർഡാണ്. ഇപ്രകാരം ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് വ്യത്യസ്ത ഏജൻസികളാണെന്നുള്ളതിനാൽ ബോർഡിന്റെ ഭാഗത്ത് എന്തെങ്കിലും പാളിച്ചയുണ്ടായാൽത്തന്നെ മറ്റ് ഏജൻസികൾ അത് ചൂണ്ടിക്കാണിക്കുകയും പരിഹാരം തേടുകയും ചെയ്യും. ഇപ്രകാരം ആരോഗ്യപരമായ അന്തരീക്ഷം നിലനിൽക്കുന്നതിനാൽ മെച്ചപ്പെട്ട സേവനം നൽകാൻ ബോർഡിന് അവസരം ലഭിക്കുന്നു. ഈ നേട്ടം മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടായിക്കാണുന്നില്ല എന്നതാണ് എടുത്തുപറയുവാനുള്ളത്.

കേരള സംസ്ഥാനത്തെ മൂന്ന് ബ്രീഡിംഗ് സോണുകളായി തിരിച്ചിരിക്കുകയാണ്. ഒരു ഗ്രൂപ്പിലെ ബുള്ളിന്റെ സെമൻ മൂന്ന് വർഷത്തേക്ക് ഒരു ഏരിയായിലേക്ക് മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. അതുകഴിഞ്ഞ് ഗ്രൂപ്പ് മാറുകയാണ് ചെയ്യുന്നത്. പുതിയ കാളകൾ വരുമ്പോൾ അവയെ ഏതു ഫാമിലിയിലാണ് ഉൾപ്പെടുത്തേണ്ടതെന്ന് മൂവാറ്റുപുഴയിലെ ഓഫീസിലാണ് പരിശോധന നടത്തി തീരുമാനിക്കുന്നത്. തുടർന്ന് അവയെ നിശ്ചിത ഗ്രൂപ്പിലേയ്ക്ക് പ്രവേശിപ്പിക്കുന്നു.

<u>ബീജമാത്രകളുടെ വിതരണം</u> :

അതത് റീജിയണൽ സെമൻ ബാങ്കിന്റെ ഓഫീസർ നേരിട്ട് ഫാമിലെത്തി ബീജമാത്രകളുടെ ഗുണനിലവാരം പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം മാത്രമേ അവ പ്രസ്തുത സെമൻ ബാങ്കിലേയ്ക്ക് അയച്ചുകൊടുക്കുകയുള്ളൂ. കൂടാതെ അതത് റീജിയണൽ ബാങ്കിൽ എത്തിച്ച ബീജമാത്രകളെ അവിടുത്തെ ഓഫീസർ രണ്ടാമതൊരു ഗുണനിലവാര പരിശോധനകൂടി നടത്തിയതിനുശേഷമേ അത് സ്വീകരിച്ച് വിതരണം ചെയ്യുകയുള്ളൂ

ബീജമാത്രകൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതും, -196 ഡിഗ്രി സെൽഷ്യസ് താപനില ഉള്ള ദ്രവനൈട്രജൻ കൃത്യസമയത്ത് എല്ലാ മൃഗാശുപത്രികളിലും എത്തിക്കുന്നതും ശ്രമകരമായ കാര്യമാണ്. ആകെയുള്ള 2979 കേന്ദ്രങ്ങളിലും മുടക്കമില്ലാതെ വർഷത്തിൽ 18 തവണവീതം ദ്രവനൈട്രജൻ എത്തിക്കുന്നുണ്ട്. ഇതിൽ എന്തെങ്കിലും തടസ്സം നേരിട്ടാൽ ഇക്കാര്യം ഉടൻതന്നെ ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളെയും അറിയിക്കുന്നു. അത് അവരുടെ ഭാഗത്ത് മുൻകരുതൽ എടുക്കുവാൻ സഹായിക്കുന്നതിനായിട്ടും പരാതികൾ ഒഴിവാക്കുന്നതിനുമായിട്ടുമാണ്.

ചെക്ക് പോസ്റ്റുവഴി ദ്രവനൈട്രജൻ കൊണ്ടുവരുന്ന ചുമതലയും കെ.എൽ.ഡി. ബോർഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഫിനാൻഷ്യൽ പവറും ഫ്ലെക്സിബിലിറ്റിയുമാണ് ബോർഡിന് ഈ ചുമതല നൽകുന്നതിനാധാരമായിട്ടുള്ളത്. 1965-ൽ കെ.എൽ.ഡി. ബോർഡ് സ്വന്തമായി ദ്രവനൈട്രജൻ നിർമ്മിച്ചുവെങ്കിലും ചെലവ് വളരെക്കൂടുതലായതിനാൽ ഉൽപ്പാദനം നിർത്തിവയ്ക്കേണ്ടിവന്നു.

<u>ട്രെയിനിംഗ്</u> :

കെ.എൽ.ഡി. ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് ട്രെയിനിംഗ്. ബോർഡിന്റെ മാട്ടുപ്പെട്ടി, ധോണി, കുളത്തൂപ്പുഴ, പുത്തൂർ എന്നീ കേന്ദ്രങ്ങളിൽ 27 ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നതായും സമിതി മനസ്സിലാക്കുകയുണ്ടായി (അനുബന്ധം II കാണുക).

<u>കാലിത്തീറ്റനിർമ്മാണവും വികസനവും</u> :

ബോർഡിന്റെ മറ്റൊരു പ്രധാന പ്രവർത്തനമേഖലയാണ് കാലിത്തീറ്റ നിർമ്മാണം. ബോർഡിന്റെ ഫാമുകൾക്കാവശ്യമായ കാലിത്തീറ്റ നിർമ്മാണം, കർഷകർക്ക് ക്ഷീരവികസന വകുപ്പുവഴി വിതരണംചെയ്യാനുള്ള തീറ്റപ്പുൽ വിത്ത്/സ്ലിപ്പ് നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങളാണ് ബോർഡ് നേരിട്ട് ചെയ്യുന്നത്.

സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പ്ലാൻ സ്കീമിൽ കുടുംബശ്രീ മുഖേന 500 യൂണിറ്റ് തീറ്റപ്പുൽ കൃഷി നടത്തിവരുന്നുണ്ട്. തീറ്റപ്പുൽ ഉത്പാദിപ്പിക്കുന്ന കർഷകർക്ക് ഏക്കറൊന്നിന് 16,000 രൂപയുടെ സബ്സിഡി നൽകി വരുന്നു. പുല്ല് വളർന്നതിനുശേഷമാണ് സബ്സിഡി വിതരണം ചെയ്യുന്നത്. ഓരോ കർഷക സംഘത്തിനും അതത് സ്ഥലത്തിനു പറ്റിയ തീറ്റപ്പുൽ ഇനം കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണപ്രവർത്തനങ്ങൾ ധോണിയിലാണ് നടന്നുവരുന്നത്. കുടുംബശ്രീയുമായി ബന്ധപ്പെട്ടാണ് ബോർഡ് ഈ പദ്ധതി നടപ്പിലാക്കുന്നതെങ്കിലും ഇതിന്റെ നോഡൽ ഏജൻസി ക്ഷീര വകുപ്പാണ്.

<u>കുളമ്പുരോഗനിയന്ത്രണം</u> :

ഫാമുകളുടെ 10 കിലോമീറ്റർ ചുറ്റളവിലുള്ള കന്നുകാലികൾക്ക് കുളമ്പുരോഗത്തിനെതിരെയുള്ള വാക്സിനേഷനും തുടർപരിശോധനയും മൃഗസംരക്ഷണ വകുപ്പും കെ.എൽ.ഡി. ബോർഡും കൂട്ടായി ചെയ്തു വരുന്നു. കുളമ്പുരോഗം പടർന്നുപിടിച്ചാൽ ചെയ്യേണ്ട അടിയന്തര നടപടികൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശസംഹിത നിലവിലുണ്ട്. ഫാമിൽ അപ്രകാരം സംഭവിച്ചാൽ രോഗം ബാധിച്ച കാളകളിൽനിന്നും ശേഖരിച്ച സെമൻ ഉപേക്ഷിക്കുന്നു. അതിനുശേഷം ബാക്കിയുള്ള കാളകളുടെ സെമൻ പാലോട്ടുള്ള ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിൽ രണ്ടുതവണ പരിശോധന നടത്തിയശേഷം ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി ലാബിൽ പരിശോധനയ്ക്കയയ്ക്കുന്നു. തുടർന്ന് എല്ലാം രോഗമുക്തമാണെന്ന റിപ്പോർട്ട് കിട്ടിയശേഷം മൃഗസംരക്ഷണ വകുപ്പിന്റെ ഡയറക്ടർ ഉൾപ്പെട്ട ഗവൺമെന്റ് കമ്മിറ്റി പരിശോധിക്കുന്നു. ധോണിയിൽ 2013-ൽ രോഗബാധ സ്ഥിരീകരിച്ചശേഷം 2014-ൽ ഇപ്രകാരമാണ് സെമൻ പ്രൊഡക്ഷൻ പുനരാരംഭിച്ചത്. ഇപ്പോൾ അവിടെ കൃത്യമായ വാക്സിനേഷൻ നടക്കുന്നുണ്ട്. കാര്യമായ പ്രശ്നങ്ങൾ ഒന്നുംതന്നെ പിന്നീട് റിപ്പോർട്ട് ചെയ്തിട്ടില്ല. വർഷത്തിൽ രണ്ടുപ്രാവശ്യം വീതം മൃഗസംരക്ഷണ വകുപ്പ് കുളമ്പുരോഗനിവാരണ യജ്ഞവും നടത്തുന്നുണ്ട്.

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന മൃഗങ്ങളിൽ കുളമ്പുരോഗബാധ റിപ്പോർട്ട് ചെയ്യാറുണ്ട് . എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ ഇടപെടൽ ഉള്ളതിനാൽ ഇതുവരെയും അസുഖം പടർന്നുപിടിച്ചിട്ടില്ല. എല്ലാ ചെക്ക്പോസ്റ്റുകളിലും വാക്സിനേഷൻ ചെയ്യാതെ വരുന്ന മൃഗങ്ങൾക്ക് വാക്സിനേഷൻ നൽകിയാണ് സംസ്ഥാനത്തേയ്ക്ക് പ്രവേശിപ്പിക്കുന്നത്. അതിനായി ഒരു വെറ്ററിനറി സർജനും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു ഫീൽഡ് ഓഫീസറും ഓരോ പോസ്റ്റിലും നിയമിക്കപ്പെട്ടിട്ടുണ്ട്.

<u>വാക്സിനേഷൻ ഫലപ്രാപ്തിയിലെത്തുവാൻ 21 ദിവസം ആവശ്യമാണ്. അതിന് മുന്നേ ഈ മൃഗങ്ങളെ വിറ്റഴിക്കുന്നത് രോഗപ്രതിരോധത്തെത്തന്നെ തകരാറിലാക്കും. അതിനാൽ ചെക്ക്പോസ്റ്റുകളിലോ ഇതര സംസ്ഥാനങ്ങളിൽ വച്ചോ വാക്സിനേഷൻ എടുത്ത മൃഗങ്ങളെ 21 ദിവസം കഴിഞ്ഞുമാത്രമേ സംസ്ഥാനത്തേയ്ക്ക് കടത്തിവിടാൻ പാടുള്ളൂ. ഇക്കാര്യം പ്രത്യേകം പരിശോധിക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>അതുപോലെ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ ഭാവിയിലെ വികസനത്തിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും അതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.</u>

കെ.എൽ.ഡി. ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നകാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൂടാതെ, ഫാമുകളിലെ ഉദ്യോഗസ്ഥർക്കും മൃഗസംരക്ഷണവകുപ്പിലെ സമാന തസ്തികകളിലെ അലവൻസുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

നോൺ പ്ലാൻ സപ്പോർട്ടിന്റെ അപര്യാപ്തത കെ.എൽ.ഡി. ബോർഡിന്റെ വികസനത്തെ സാരമായി ബാധിക്കുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് ബോർഡിന്റെ ആവശ്യകത വിശദമായി പരിശോധിച്ച് ആവശ്യമായ നോൺ പ്ലാൻ ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വി. കെ. ഇബ്രാഹിംകുഞ്ഞ്,**
*അദ്ധ്യക്ഷൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ*
*സംബന്ധിച്ച സമിതി (2016-2019).*

തിരുവനന്തപുരം,
*2018 ജൂൺ 18.*

1141/2018.

## സമിതിയുടെ ശിപാർശകൾ

| ക്രമ നമ്പർ | ശിപാർശ |
|---|---|
| 1 | ഗുണനിലവാരമുള്ള കൂടുതൽ പശുക്കളെ സൃഷ്ടിക്കുവാനുള്ള എംബ്രിയോ ട്രാൻസ്ഫർ പദ്ധതിയിന്മേലുള്ള ചെലവ് സംസ്ഥാന സർക്കാർ സബ്സിഡിയായി കർഷകർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | വാക്സിനേഷൻ ഫലപ്രാപ്തിയിലെത്തുവാൻ 21 ദിവസം ആവശ്യമാണ്. അതിന് മുമ്പേ ഈ മൃഗങ്ങളെ വിറ്റഴിക്കുന്നത് രോഗപ്രതിരോധത്തെത്തന്നെ തകരാറിലാക്കും. അതിനാൽ ചെക്ക്പോസ്റ്റുകളിലോ ഇതര സംസ്ഥാനങ്ങളിൽവച്ചോ വാക്സിനേഷൻ എടുത്ത മൃഗങ്ങളെ 21 ദിവസം കഴിഞ്ഞുമാത്രമേ സംസ്ഥാനത്തേയ്ക്ക് കടത്തിവിടാൻ പാടുള്ളൂ. ഇക്കാര്യം പ്രത്യേകം പരിശോധിക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | കെ.എൽ.ഡി. ബോർഡിന്റെ ഭാവിയിലെ വികസനത്തിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും അതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | കെ.എൽ.ഡി. ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നകാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | ഫാമുകളിലെ ഉദ്യോഗസ്ഥർക്കും മൃഗസംരക്ഷണവകുപ്പിലെ സമാന തസ്തികകളിലെ അലവൻസുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | നോൺ പ്ലാൻ സപ്പോർട്ടിന്റെ അപര്യാപ്തത കെ.എൽ.ഡി. ബോർഡിന്റെ വികസനത്തെ സാരമായി ബാധിക്കുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് ബോർഡിന്റെ ആവശ്യകത വിശദമായി പരിശോധിച്ച് ആവശ്യമായ നോൺ പ്ലാൻ ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം I

**കന്നുകാലി പ്രജനന നയം-2008 :**

കേരളത്തിലെ കന്നുകാലി പ്രജനന നയം വിലയിരുത്തുവാനും ഭേദഗതി വരുത്തുവാനുമായി രൂപീകൃതമായ കമ്മിറ്റി, 2008-ലെ കന്നുകാലി പ്രജനന നയം, 1998-ലെ ശിപാർശകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന രീതിയിൽ സംഗ്രഹിക്കുന്നു:

1. ക്ഷീരോൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്ഷീര കർഷകരുൾപ്പെടുന്ന സമിതികളുടെയും വിദഗ്ധരുടെയും പ്രതികരണങ്ങളും, ആ മേഖലയുടെ പ്രവർത്തനങ്ങളുടെ വിവിധ വശങ്ങൾ പരിഗണിച്ചുകൊണ്ടും, വിദേശ കന്നുകാലി ജനുസ്സുകളായ ജേഴ്സിയും ഹോൾസ്റ്റീൻ ഫ്രീഷ്യനും മാത്രമേ പ്രജനന നയത്തിനുവേണ്ടിയുള്ള ബീജ ദാതാക്കളായി തുടർന്നും ഉപയോഗിക്കുവാൻ അനുവദിക്കാവൂ എന്ന് ശിപാർശ ചെയ്യുന്നു. സന്തതികളുടെ വിദേശ പരമ്പരാർജ്ജ നീയത അടിസ്ഥാനമാക്കി, ജെഴ്സിയുടെയും ഹോൾസ്റ്റീൻ ഫ്രീഷ്യന്റെയും പ്രത്യേകം പ്രത്യേകം സുനന്ദിനി തായ്‌വഴികൾ വികസിപ്പിച്ചെടുക്കേണ്ടതാണ്. ഈ രണ്ട് വ്യത്യസ്ത സുനന്ദിനി തായ്‌വഴികൾ തമ്മിൽ ബീജ സങ്കലനം നടത്താതിരിക്കുവാൻ കർഷകരെ ബോധവത്കരിക്കുകയും അവരുടെ സഹകരണം തേടുകയും ചെയ്യേണ്ടതാണ്. വിത്തുകാളകളെ ഉണ്ടാക്കുവാനുപയോഗിച്ച വിദേശ ജനുസ്സുകളെ അടിസ്ഥാനമാക്കി, ബീജധാന കേന്ദ്രങ്ങളിൽനിന്നും ബീജം തെരഞ്ഞെടുക്കുവാൻ കൃഷിക്കാരന് അവസരമുണ്ടാക്കുക.

2. ചെറുകിട ക്ഷീരകർഷകരുടെ കാലിസമ്പത്തിൽ വിദേശപരമ്പരാർജ്ജനീയത 50% ആയി നിലനിർത്തുക. എന്നാൽ നല്ല വിഭവശേഷിയുള്ള കൃഷിക്കാർക്കും, വ്യാവസായികാടിസ്ഥാനത്തിലോ അല്ലാതെയോ ഡയറിഫാമുകൾ നടത്തുന്നവർക്കും, ഉയർന്ന ജനിതകശേഷിയുള്ള ശുദ്ധ ജനുസ്സിൽപ്പെട്ട ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളുടെ ബീജം മൃഗസംരക്ഷണ വകുപ്പിന്റെയും കെ.എൽ.ഡി. ബോർഡിന്റെയും വിദഗ്ധ നിരീക്ഷണത്തിൽ നൽകുക. കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്ന ക്ഷീരധാര, ഗോരേഖ പദ്ധതികളിൽ തെരഞ്ഞെടുക്കപ്പെട്ട ഉൽപാദനശേഷി കൂടിയ പശുക്കൾക്ക്, ശുദ്ധ വിദേശ ജനുസ്സുകളിൽ പെടുന്ന കാളകളുടെ ബീജം തന്നെ ലഭ്യമാക്കുക. സംസ്ഥാനത്തെ കന്നുകാലി പ്രജനന പരിപാടികൾക്ക് കേരള കന്നുകാലി വികസന ബോർഡ് ലഭ്യമാക്കുന്ന ബീജം തന്നെ ഉപയോഗിക്കേണ്ടതും അത് മൃഗസരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ തന്നെ നടത്തേണ്ടതുമാണ്.

3. വിത്തുകാളകളുടെ നിലവിലുള്ള തെരഞ്ഞെടുപ്പ് പദ്ധതി, താഴെപ്പറയുന്ന ഭേദഗതികളോടെ തുടരുന്നതിന് കമ്മിറ്റി ശിപാർശ ചെയ്യുന്നു:

(എ) സംസ്ഥാനത്ത് സാദ്ധ്യമാകുന്ന സ്ഥലങ്ങളിലെല്ലാംതന്നെ പ്രോജനി ടെസ്റ്റിംഗ് സ്കീമിന്റെ ഫീൽഡ് പെർഫോമൻസ് രേഖപ്പെടുത്തുന്ന പദ്ധതി വ്യാപകമാക്കുക.

(ബി) വിത്തുകാളകളുടെ പ്രജനനമൂല്യം വിലയിരുത്തുന്നതിന് BLUP അല്ലെങ്കിൽ അനിമൽ മോഡൽ പോലെയുള്ള നൂതന രീതികൾ അവലംബിക്കുക.

(സി) വിത്തുകാളകളെ തെരഞ്ഞെടുക്കുമ്പോൾ പാലിന്റെ ഗുണമേന്മ നിശ്ചയിക്കുന്ന ഘടകങ്ങളായ കൊഴുപ്പ് മുതലായവയുടെ അനുപാതത്തിനു കൂടുതൽ പ്രാധാന്യം കൊടുക്കുക.

(ഡി) വിത്തുകാളകളെ തെരഞ്ഞെടുക്കുമ്പോൾ അവയുടെ അമ്മയുടെ അകിടിന്റെ സവിശേഷത, വലിപ്പം, സമതുലനാവസ്ഥ എന്നിവ കൂടി കണക്കിലെടുക്കേണ്ടതാണ്.

4. കേരളത്തിലെ കാന്നുകാലി സമ്പത്തിന്റെ ജനിതക വൈവിധ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി, ഇന്ത്യയിലെ, മുന്തിയ പാലുൽപ്പാദനം തരുന്ന ഇനങ്ങളായ സഹിവാൾ പോലെയുള്ളവയിൽ വിദേശ ജനുസ്സിലുള്ള കാളകളുടെ ബീജം ഉപയോഗിച്ച് ഒന്നാം തലമുറയിലെ (F1) വിത്തുകാളകളെ ഉൽപ്പാദിപ്പിക്കുകയും, അവയുടെ ബീജവും പ്രജനന പരിപാടികൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

5. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, കേരളത്തിലേതിന് സമാനമായ കാലാവസ്ഥയിലും ഭൂപ്രകൃതിയിലും ഉള്ള സ്ഥലങ്ങളിൽ നല്ല പ്രകടനം കാഴ്ച വെച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുള്ള ഉന്നത ജനിതക നിലവാരമുള്ള സങ്കര വർഗ്ഗ വിത്തുകാളകളുടെ ബീജം ഉപയോഗപ്പെടുത്തുക.

6. പ്രജനനത്തിനുപയോഗിക്കുന്ന ഒന്നാം തലമുറയിലുള്ള (F1) സങ്കരയിനം കാളകളെ ഉല്പാദിപ്പിക്കാനുപയോഗിക്കുന്ന വിദേശ ജനുസ്സുകളിൽപ്പെട്ട കാളകളിൽ 20% ത്തെ വർഷംതോറും മാറ്റി ജനിതകപരമായി ബന്ധമില്ലാത്തതും എന്നാൽ ഉയർന്ന ഗുണമേന്മയുള്ളവയുമായ പുതിയ കാളകളെ ഉപയോഗിച്ച് പുനഃസ്ഥാപിക്കേണ്ടതാണ്. ഇങ്ങനെ പുതുതായി കൊണ്ടുവരുന്ന കാളകളിൽ ജേഴ്സിക്ക് പാലിലെ ഏറ്റവും കുറഞ്ഞ കൊഴുപ്പുനിലവാരം 4%-വും ഹോൾസ്റ്റീൻ ഫ്രീഷ്യന് 3.8%-വും ഉണ്ടായിരിക്കുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. ഭാവിയിലെ വിത്തുകാളകളായി ഉപയോഗിക്കുവാൻവേണ്ടി കെ.എൽ.ഡി. ബോർഡ് ഉൽപ്പാദിപ്പിക്കുന്നതോ, കർഷകരുടെ ഇടങ്ങളിൽ നിന്ന് വാങ്ങുന്നതോ ആയ എല്ലാ മൂരിക്കുട്ടികളുടെയും പൈതൃകഗുണം, താന്മാത്രിക സാങ്കേതിക പരിശോധനയിലൂടെ (Molecular Technology) തിട്ടപ്പെടുത്തേണ്ടതുണ്ട്.

8 സംസ്ഥാനത്തിനുവേണ്ട വിത്തുകാളകളെ ഉൽപ്പാദിപ്പിക്കുന്നതിന്, ഭ്രൂണമാറ്റ സാങ്കേതിക വിദ്യയും ശക്തിപ്പെടുത്തേണ്ടതാണ്. ഇതിനായി ഫാമുകളിലെ പശുക്കളിൽ, വിത്തുകാളയുൽപ്പാദനത്തിന് വേണ്ട ഗുണമേന്മ പോരാത്തവയെ ഭ്രൂണ സ്വീകർത്താക്കളായി ഉപയോഗിക്കാവുന്നതാണ്.

9. സംസ്ഥാനത്തെ പാലുല്പാദന ശേഷികുറഞ്ഞവയേയും, ആദ്യ പ്രസവത്തിന് കാലവിളംബം വരുത്തുന്നവയുമായ സുനന്ദിനി പശുക്കളെ യഥാക്രമം 2%, 1% എന്ന തോതിൽ ഓരോ വർഷവും നീക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം നീക്കം ചെയ്യപ്പെടുന്നവയുടെ സ്ഥാനത്ത് ഫാമുകളിലെയും കർഷകരുടെ ഇടങ്ങളിലേയും ഉന്നത നിലവാരം പുലർത്തുന്ന പശുക്കളിൽ ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുള്ള കാളകളുടെ ബീജം കുത്തിവച്ചിട്ടുണ്ടാകുന്ന പശുക്കുട്ടികളെ ഉപയോഗിക്കണം. ഗുണമേന്മ കുറഞ്ഞവയെ നീക്കം ചെയ്യാൻ താൽപ്പര്യമുള്ള കർഷകർക്ക് മുൻഗണന നൽകി അവർക്ക് ഇത്തരം പശുക്കുട്ടികളെ ലഭ്യമാക്കി അവരുടെ നഷ്ടം നികത്തേണ്ടതാണ്.

10. സംസ്ഥാനത്തെ കൃത്രിമ ബീജധാനകേന്ദ്രങ്ങളുടെ പരിധിയിലുള്ള ഉൽപ്പാദന ക്ഷമത കൂടിയ എല്ലാ പശുക്കളെയും ഗോരേഖ പദ്ധതിയിൽ ഉൾപ്പെടുത്തി അവയ്ക്ക് ഉൽപ്പാദനക്ഷമത ഉറപ്പുവരുത്തിയ കാളകളുടെ ബീജം (പ്രീമിയം ബുൾ സെമൻ) ലഭ്യമാക്കുക. കന്നുകാലി വികസന ബോർഡോ, മൃഗസംരക്ഷണ വകുപ്പോ അപ്രകാരം പശുക്കളെ കണ്ടെത്തുകയും അവയ്ക്ക് നല്ല മേൽനോട്ടവും മെച്ചപ്പെട്ട പരിരക്ഷയും ലഭിക്കുന്നുണ്ടെന്ന് ബോധ്യമാവുകയും ചെയ്താൽ ഈ പശുക്കൾക്ക് ശുദ്ധ വിദേശ ജനസ്സ് കാളകളുടെ ബീജം ലഭ്യമാക്കാവുന്നതാണ്.

11. വ്യാവസായിക/അർദ്ധ വ്യാവസായികാടിസ്ഥാനത്തിൽ പുതുതായി തുടങ്ങുന്ന ഡയറിഫാമുകൾക്ക് സാങ്കേതിക സഹായവും ഉന്നതനിലവാരവുമുള്ള പ്രജനനോപാധികളും ലഭ്യമാക്കേണ്ടതാണ്.

12. പ്രജനന പ്രവർത്തനങ്ങളിലെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത്, കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകൾ ഉൾപ്പെടുന്ന മേഖലയിൽ കൂടുതൽ ശ്രദ്ധയും ഊർജ്ജിത ശ്രമവും ചെലുത്തി, ആ മേഖലയെ പുരോഗമിപ്പിക്കേണ്ടതാണ്.

13. സംസ്ഥാനത്തെ ബീജവിതരണ ശൃംഖലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമായി ബീജധാന കേന്ദ്രങ്ങളുടെ എണ്ണം ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവരികയും, പാഴ്ച്ചെലവുകൾ ഒഴിവാക്കി ആ തുക കൂടുതൽ കന്നുകാലി ക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യുക

14. കൃത്രിമ ബീജധാന മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പാലക്കാട് ഉൾപ്പെട്ട മേഖലയിലെ ബീജധാന കേന്ദ്രങ്ങൾ, കൃഷിക്കാർക്ക് എത്തിച്ചേരുവാൻ പാകത്തിൽ അടുത്തുള്ള സ്ഥലങ്ങളിലേക്കായി പുനഃക്രമീകരിക്കുക. ബീജധാന കേന്ദ്രങ്ങളുടെ കുറവ് നികത്തുവാനായി കേന്ദ്രങ്ങൾ കൂടുതലുള്ള മറ്റ് ജില്ലകളിൽ നിന്ന് കേന്ദ്രങ്ങൾ കുറവുള്ള ജില്ലകളിലേക്ക് കേന്ദ്രങ്ങൾ പുനർവിന്യസിപ്പിക്കുക

15. കർഷകരുടെ സൗകര്യങ്ങളും സാമ്പത്തിക ലാഭവും കണക്കിലെടുത്തുകൊണ്ട് കൃത്രിമ ബീജധാന സൗകര്യങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

16. സർക്കാർ മേഖലയിലെയും സ്വകാര്യമേഖലയിലെയും കൃത്രിമ ബീജധാന സാങ്കേതിക വിഭാഗത്തിന്, ഓരോ മൂന്ന് വർഷം കൂടുമ്പോഴും, റിഫ്രഷർ പരിശീലനം നിർബന്ധമാക്കുക.

17. കൃത്രിമ ബീജധാനകേന്ദ്രങ്ങൾക്ക് വിതരണം ചെയ്യുന്നതിന് മുൻപ് തന്നെ, പ്രാദേശിക സെമൻ ബാങ്കുകളിൽ വച്ച്, ബീജതന്മാത്രകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന പരിശോധന കർശനമായിത്തന്നെ തുടരുക. കൃത്രിമ ബീജധാന കേന്ദ്രങ്ങളിൽ കൃത്യസമയം ഇടവിട്ട് ബീജമാത്രകളുടെ സാമ്പിളുകൾ എടുത്ത് അവയിലെ അണുബാധ, ബീജാണുക്കളുടെ ചലനശേഷി എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നത് കർശനമാക്കുക.

18. പ്രജനന നയത്തിൽ പരാമർശിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി എല്ലാ നിയമാധികാരങ്ങളോടും കൂടിയ ഒരു സംസ്ഥാനതല നിയന്ത്രണ അതോറിറ്റി രൂപീകരിക്കുവാൻ ശിപാർശ ചെയ്യുന്നു. ഭ്രൂണം, വിത്തുകാള, ബീജം എന്നിവയുടെ ഇറക്കുമതി, ബീജമാത്രകളുടെ ഗുണനിലവാര പരിശോധന, ഭ്രൂണം, വിത്തുകാള, ബീജം എന്നിവയുടെ നിലവാര നിർണ്ണയം, അവയുടെ സർട്ടിഫിക്കേഷൻ, കൃത്രിമ ബീജധാന വിദഗ്ധന്മാർക്കുള്ള ലൈസൻസ് വിതരണം, പ്രജനന നയം നടപ്പാക്കൽ, ഉൾപ്പെടെ സംസ്ഥാനത്തെ

കൃത്രിമബീജധാനവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ഈ അതോറിറ്റി നിരീക്ഷിക്കേണ്ടതും പരിശോധിക്കേണ്ടതുമാണ്. മൃഗസംരക്ഷണവകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഈ അതോറിറ്റിയിൽ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറും, ക്ഷീരവികസനവകുപ്പ് ഡയറക്ടറും, കെ.എൽ.ഡി. ബോർഡ് മാനേജിംഗ് ഡയറക്ടറും കേരള കാർഷിക സർവ്വകലാശാലയിലെ ഒരു ജനിതക ശാസ്ത്രജ്ഞനും അംഗങ്ങളായിരിക്കണം.

19. സംസ്ഥാനത്ത് ഉപയോഗിച്ചുവരുന്ന വിത്തുകാളകൾക്ക് ലൈസൻസ് നൽകാനും പ്രജനനത്തിന് അനുയോജ്യമല്ലാത്ത വിത്തുകാളകളെ വന്ധീകരിക്കാനുമുള്ള സത്വര നടപടികൾ സംസ്ഥാനതല നിയന്ത്രണ അതോറിറ്റി കൈക്കൊള്ളേണ്ടതാണ്.

20. ബീജധാന കേന്ദ്രങ്ങളിൽ നിന്ന് വിതരണം ചെയ്യുന്ന ബീജമാത്രകളുല്പാദിപ്പിച്ച വിത്തുകാളകളുടെ ജനിതക പാരമ്പര്യം വ്യക്തമാക്കുന്ന വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്ന രീതി തുടരുക. കർഷകന് തന്നെ ബീജധാന കേന്ദ്രങ്ങളിൽ ലഭ്യമായ ബീജമാത്രകളിൽനിന്നും ഗുണമേന്മയുടെ അടിസ്ഥാനത്തിൽ ബീജം തെരഞ്ഞെടുക്കുവാനുള്ള അവസരം നൽകുക.

21. ബീജോൽപ്പാദന കേന്ദ്രങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മിനിമം നിലവാരം നിലനിർത്തി മാത്രം നടത്തുക.

22. കൃഷിക്കാരെ ബോധവത്കരിക്കുന്നതിന്റെ ഭാഗമായി കൃത്യസമയത്ത് കൃത്രിമ ബീജധാനം നടത്തേണ്ടതിന്റെ ആവശ്യകതയേയും, സഞ്ചരിക്കുന്ന കൃത്രിമ ബീജധാന പരിപാടിയെക്കുറിച്ചുമുള്ള ബോധവത്കരണ പരിപാടികൾ ഉൾപ്പെടുന്ന ദൃശ്യചിത്രങ്ങൾ ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുക.

23 പശുക്കളുടെ ജനിതക മേന്മ പരമാവധി പ്രയോജനപ്പെടുത്താൻ തക്കവിധം ശാസ്ത്രീയമായതും നൂതന രീതിയിലുള്ളതുമായ കന്നുകാലിവളർത്തലിൽ കൃഷിക്കാരെ ബോധവത്കരിക്കുന്ന പരിശീലന പരിപാടികൾക്ക് രൂപം കൊടുക്കുക.

24 തീറ്റപ്പുൽ ഉൽപ്പാദനം സംസ്ഥാനത്ത് വേണ്ടവിധത്തിൽ വ്യാപകമായിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ തീറ്റപ്പുൽ ഉൽപ്പാദനം ശക്തിപ്പെടുത്തുക. ഗുണമേന്മയുള്ള കാലിത്തീറ്റ തടസ്സമില്ലാതെ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

25. സംസ്ഥാനത്തെ എല്ലാ പശുക്കുട്ടികളെയും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ കീഴിൽ കൊണ്ടുവരിക. കൂടാതെ പ്രോജനി ടെസ്റ്റിംഗ് ചെയ്യുന്ന സ്ഥലങ്ങളിലുണ്ടാകുന്ന എല്ലാ പശുക്കുട്ടികളേയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്ന വിധത്തിൽ ആ പദ്ധതി വിപുലീകരിക്കുക.

26. കാലികളുടെ വന്ധ്യത നിർമ്മാർജ്ജന പരിപാടി ശക്തമാക്കിക്കൊണ്ട് അവയുടെ ഉൽപ്പാദനക്ഷമത കൂട്ടുക.

27. ഉന്നത ജനിതകമൂല്യമുള്ള കന്നുകാലികളുടെ ഒരു ഹെർഡ് ബുക്ക് ഉരുത്തിരിച്ചെടുക്കുകയും, ബ്രീഡേഴ്സ് അസ്സോസിയേഷൻ രൂപീകൃതമാകുന്ന വിധത്തിൽ ഗോരേഖ പദ്ധതി ശക്തിപ്പെടുത്തുകയും തുടരുകയും വേണം. ഈ പദ്ധതിയിൽ കണ്ടെത്തിയിട്ടുള്ള പശുക്കളെ, ഉൽപ്പാദനക്ഷമത കുറഞ്ഞ പശുക്കളെ നീക്കം ചെയ്യുന്നതിന് പകരമായി ഉപയോഗിക്കുകയും, അവയ്ക്ക് പ്രീമിയം ബുൾ സെമൻ ഉപയോഗിച്ച് ബീജധാനം നടത്തുകയും വേണം.

28. വളർത്താനുള്ള ബുദ്ധിമുട്ടും, ഗുണമേന്മയുള്ള എരുമകളെ ലഭിക്കാത്തതിനാലും, എരുമ വളർത്തലിൽ കൃഷിക്കാർക്കുള്ള പ്രതിപത്തി കുറയുന്നത് പരിഗണിച്ച് മുറെ ഇനത്തിൽപ്പെട്ട ഉന്നത ഗുണമേന്മയുള്ള പോത്തുകളെ അവയുടെ സ്വാഭാവിക മേഖലയിൽ നിന്നും വാങ്ങി ഇപ്പോൾ നിലവിലുള്ള എരുമ സമ്പത്തിനെ പുഷ്ടിപ്പെടുത്താനുള്ള വർഗ്ഗോദ്ധാരണ പരിപാടിക്കായി ഉപയോഗിക്കുന്നത് തുടരുക. കെ.എൽ.ഡി. ബോർഡും മൃഗസംരക്ഷണ വകുപ്പും കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെയും ഉപദേശത്തോടെയും നാടൻ എരുമകളുടെ സംരക്ഷണ പദ്ധതികൾ തുടങ്ങുക.

29. ആടുകളിലെ പ്രജനനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഉയർന്ന ഗുണമേന്മയുള്ള മുട്ടനാടുകളെയും പെണ്ണാടുകളെയും വിതരണം ചെയ്യുകയും ആടുകളിലെ കൃത്രിമ ബീജധാന പരിപാടി വ്യാപിപ്പിക്കുകയും ചെയ്യേണ്ടതാണ്. മലബാറി ആടുകളുടെ പ്രകടനങ്ങൾ രേഖപ്പെടുത്തുന്ന പരിപാടിയും (Performance Recording) വർഗ്ഗോദ്ധാരണ പരിപാടികളും തുടരുക.

30. സംസ്ഥാന മൃഗസംരക്ഷണ വകുപ്പും കെ.എൽ.ഡി. ബോർഡും സംയുക്തമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ കന്നുകാലി വർഗ്ഗത്തിലേയും നാടൻ ജനുസ്സുകളുടെ സംരക്ഷണ പരിപാടി ശക്തിപ്പെടുത്തേണ്ടതാണ്. ഇതോടനുബന്ധിച്ചുള്ള ഗവേഷണ പരിപാടികൾ കേരള കാർഷിക സർവ്വകലാശാല നടപ്പിലാക്കേണ്ടതാണ്.

31. ക്ഷീരോൽപ്പാദനവുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളും, ഉൽപ്പാദനവുമായി ബന്ധപ്പെട്ട് കണ്ടുവരുന്ന പ്രശ്നങ്ങളിൽ കേരള കാർഷിക സർവ്വകലാശാലയുമായും സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസുമായും ബന്ധപ്പെട്ട് അവയുള്ള പരിഹാരങ്ങൾ തേടേണ്ടതാണ്. താഴെപ്പറയുന്ന ഗവേഷണ വികസന പരിപാടികൾ ഏറ്റെടുക്കേണ്ടതാണ്:

1. വിവിധ ജനുസുകളിൽപ്പെടുന്ന സങ്കരയിനം പശുക്കളുടെ പാലിന്റെ ഘടനാ പഠനം
2. വിവിധ ജനുസ്സുകളിൽപ്പെടുന്ന സങ്കരയിനം പശുക്കൾക്ക് വിവിധ പരിസ്ഥിതികളുമായി ഇണങ്ങിച്ചേരാനുള്ള കഴിവിന്റെ താരതമ്യപഠനം
3. കേരളത്തിലെ വെച്ചൂർ പശു, തീരദേശ കന്നുകാലി ഇനങ്ങൾ, കുട്ടനാടൻ എരുമ, കാസർഗോഡ് ഡ്വാർഫ് എന്നിവയുടെ പ്രാദേശിക ജനിതക ശേഖരത്തിനുള്ള സാധ്യതയും അവയുടെ താന്മാത്രിക സവിശേഷത കളുടെയും പഠനം.
4. കേരളത്തിന്റെ വിവിധ കാലാവസ്ഥയിലും ഭൂപ്രകൃതിയിലും കൃഷിസമ്പ്രദായത്തിലും ആദായകരമായ പാലുൽപ്പാദനത്തിന്റെ വരവുചെലവു താരതമ്യപഠനം.
5. വിവിധ ജനിതക വർഗ്ഗത്തിൽപ്പെടുന്ന സങ്കരയിനം കന്നുകാലികളുടെ, വിവിധ കൃഷിയിടങ്ങളിലെയും, സാഹചര്യങ്ങളിലെയും, ഉൽപ്പാദനക്ഷമത യെപ്പറ്റിയുള്ള താരതമ്യപഠനം.
6. കൃഷിക്കാരന്റെ വീക്ഷണത്തിൽ, കേരളത്തിലെ എരുമകളുടെ എണ്ണത്തിലെ ക്രമാനുഗതമായ കുറവിന്റെ കാരണങ്ങളെക്കുറിച്ചുള്ള പഠനം.
7. കേരളത്തിലെ ഫാമുകളിലെയും കർഷകരുടെ ഇടങ്ങളിലേയും കന്നുകാലി സമ്പത്തിൽ വന്നിട്ടുള്ള ജനിതക അടുപ്പത്തിന്റെ (അന്തഃപ്രജനനം) അളവിന്റേയും ഉൽപ്പാദനത്തിൽ അവ പ്രത്യാഘാതം ഉണ്ടാക്കിയിട്ടുണ്ടോ എന്നുമുള്ള പഠനം.
8. ഉയർന്ന ഉല്പാദനക്ഷമതയുള്ള തീറ്റപ്പുൽ ഇനങ്ങളെപ്പറ്റിയും അവയുടെ കൃഷിരീതി വികസിപ്പിച്ചെടുക്കാവാനുമുള്ള പഠനം.

അനുബന്ധം II

| Sl.No. | Name of Training Programmes | Venue |
|---|---|---|
| 1 | 2 | 3 |
| 1 | Modern trends in cryopreservation of semen | Mattupatty |
| 2 | Frozen Semen Production & It's handling for optimum fertility | Mattupatty |
| 3 | Bull Breeding Soundness Evaluation under tropical conditions | Mattupatty/Dhoni |
| 4 | Field Performance recording and sire evaluation | Mattupatty/ Muvattupuzha |
| 5 | Fertility Problems in female bovines | Mattupatty |
| 6 | Tropical Pasture seed production | Dhoni |
| 7 | Fodder Production and its utilization | Dhoni |
| 8 | Basic Course in Artificial Insemination | Dhoni |
| 9 | Field Embryo transfer Programme | Mattupatty |
| 10 | Refresher course in AI with frozen semen | Dhoni/Mattupatty/ Kulathupuzha/ Puthur |
| 11 | Management of Large scale AI operations | Mattupatty |
| 12 | Management of Breeding operations in pigs | Mattupatty |
| 13 | Dairy entrepreneurship | Mattupatty/Dhoni |
| 14 | Veterinary Hospital Management | Mattupatty/Dhoni |
| 15 | Goat Management and AI in goats | Dhoni |
| 16 | Minimum Standard Protocol of Frozen Semen Production | Mattupatty/Dhoni |
| 17 | Quality Control aspect of Frozen Semen Production | Mattupatty/Dhoni |

| 1 | 2 | 3 |
|---|---|---|
| 18 | Advanced Techniques in Cattle Production | Mattupatty |
| 19 | Animal Typing | Mattupatty |
| 20 | Dairying and Clean Milk Production | Dhoni |
| 21 | Artificial insemination in Goats | Dhoni |
| 22 | Advanced Basic Course in Artificial Insemination. | Mattupatty/Dhoni |
| | Training Programme under NDP-I | |
| 1 | Laboratory Technician for Managers/ General Managers | Mattupatty |
| 2 | Laboratory Technician for QCO | Mattupatty |
| 3 | Modern cryopreservation Technology for QCO and VO | Mattupatty |
| 4 | Bull Breeding Soundness and Andrological Examination | Mattupatty |
| 5 | Laboratory Techniques for Lab Technicians | Mattupatty |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.